ശമീർ മദീനി

# മൂന്ന്

# ആർ ദഅ്‌വത്ത് ചെയ്യണം?

ദഅ്‌വത്ത് നബിമാരാണ് ചെയ്യേണ്ടതെന്നും അതല്ലെങ്കിൽ മതത്തിൽ അഗാധജ്ഞാനമുള്ള പണ്ഡിതന്മാർക്ക് മാത്രമെ അതിന് അവകാശമുള്ളുവെന്നും ചിലർ പറയാറുണ്ട്. ആരാണ് പണ്ഡിതനെന്നോ എപ്പോഴാണ് ദഅ്‌വത്തിന് അർഹതയുള്ള പണ്ഡിതനാവുകയെന്നോ എന്താണ് അതിന്റെ പരിധിയും മാനദണ്ഡവുമെന്നോ ഒന്നും അവർ വ്യക്തമാക്കാറില്ല. വാസ്തവത്തിൽ ആ വാദഗതി ഖുർആൻ വിരുദ്ധവും സത്യത്തിൽനിന്ന് ബഹുദൂരം അകന്നതുമാണ്. നബിമാരുടെ ദൗത്യമായിരുന്നു ദഅ്‌വത്തെന്ന് പറഞ്ഞ ഖുർആൻ അവർക്ക് മാത്രമായി അതിനെ പരിമിതപ്പെടുത്തിയില്ല. പ്രത്യുത അവരെ പിൻപറ്റുന്നവർകൂടി അത് ചെയ്യണമെന്ന ആഹ്വാനമാണ് നൽകുന്നത്. അല്ലാഹു പറയുന്നു:

وَيَـٰقَوْمِ مَا لِىٓ أَدْعُوكُمْ إِلَى ٱلنَّجَوٰةِ وَتَدْعُونَنِىٓ إِلَى ٱلنَّارِ ۝ تَدْعُونَنِى لِأَكْفُرَ بِٱللَّهِ وَأُشْرِكَ بِهِۦ مَا لَيْسَ لِى بِهِۦ عِلْمٌ وَأَنَا۠ أَدْعُوكُمْ إِلَى ٱلْعَزِيزِ ٱلْغَفَّـٰرِ

"എന്റെ ജനങ്ങളേ, എനിക്കെന്താണൊരു അനുഭവം! ഞാൻ നിങ്ങളെ രക്ഷയിലേക്ക് ക്ഷണിക്കുന്നു. നിങ്ങളാകട്ടെ എന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു. ഞാൻ അല്ലാഹുവിൽ അവിശ്വസിക്കുവാനും എനിക്ക് യാതൊരു അറിവുമില്ലാത്തത് അവനോട് ഞാൻ പങ്കുചേർക്കുവാനും നിങ്ങൾ എന്നെ ക്ഷണിക്കുന്നു. ഞാനാകട്ടെ, പ്രതാപശാലിയും ഏറെ പൊറുക്കുന്നവനുമായ അല്ലാഹുവിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു" (40:41,42).

قُلْ هَـٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَـٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"(നബിയേ) പറയുക! ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്ക് ചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

തികഞ്ഞ പണ്ഡിതന്മാർക്ക് മാത്രമെ ഇത് ചെയ്യാവൂ എന്നല്ല, വിശ്വാസികൾ പരസ്പരം ചെയ്യേണ്ട ഒരു ബാധ്യതയായിട്ടാണ് ഖുർ ആനും നബിചര്യയും ഇതിനെ മനസ്സിലാക്കിത്തരുന്നത്.

وَٱلْعَصْرِ ۝ إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ ۝ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

"കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യർ നഷ്ട ത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർ ത്തിക്കുകയും സത്യം കൈകൊള്ളാൻ അന്യോന്യം ഉപദേശിക്കു കയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ് തവരൊഴികെ" (103:1-3).

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَـٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَـٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്ര ങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തി മാനുമാണ്" (9:71).

വേറെയും നിരവധി ആയത്തുകൾ ഈ വിഷയകമായി കാണാവു ന്നതാണ്. അവിടെയൊന്നും നബിമാർ മാത്രം ചെയ്യേണ്ട കാര്യമാണ് ദഅ്‌വത്ത് (നന്മയിലേക്ക് ക്ഷണിക്കൽ) എന്നോ, അല്ലെങ്കിൽ തിക ഞ്ഞ പണ്ഡിതന്മാർ മാത്രമെ അത് ചെയ്തുകൂടാവൂ എന്നോ കാണുക സാധ്യമല്ല. പ്രത്യുത പറയുന്ന വിഷയത്തിൽ പൂർണ ബോ ധ്യത്തോടെയുള്ള അറിവ് (ബസ്വീറത്ത്) ഉണ്ടാകണമെന്ന് മാത്രമാ ണ് ഖുർആനും സുന്നത്തും പഠിപ്പിക്കുന്നത്.

നന്മ കൽപിക്കാനും തിന്മ വിരോധിക്കാനും സമൂഹത്തോട് മൊ ത്തത്തിൽ കൽപിക്കുകയാണ് പ്രവാചകതിരുമേനി ചെയ്യുന്നത്. എ ല്ലാം തികഞ്ഞ പണ്ഡിതനാകണമെന്ന് നിബന്ധനവെക്കുന്നില്ല.

عن أبي سـعيد الخدري قـال : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الْإِيمَانِ (مسلم)

അബൂ സഈദ് (ﷺ) പറയുന്നു: "നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു: നിങ്ങളിലാരെങ്കിലും വല്ല തിന്മയും കണ്ടാൽ അവൻ തൻെറ കൈകൊണ്ട് അതിനെ തടുക്കട്ടെ. സാധിച്ചില്ലെങ്കിൽ തൻെറ നാവു കൊണ്ട്, അതിനും കഴിഞ്ഞില്ലെങ്കിൽ തൻെറ ഹൃദയംകൊണ്ടെങ്കിലും. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്" (മുസ്ലിം 6/149).

عَنْ أَبِي سَعِيدٍ الْخُدْرِيِّ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِيَّاكُمْ وَالْجُلُوسَ فِي الطُّرُقَاتِ قَالُوا يَا رَسُولَ اللَّهِ مَا لَنَا بُدٌّ مِنْ مَجَالِسِنَا نَتَحَدَّثُ فِيهَا قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَإِذَا أَبَيْتُمْ إِلَّا الْمَجْلِسَ فَأَعْطُوا الطَّرِيقَ حَقَّهُ قَالُوا وَمَا حَقُّهُ قَالَ غَضُّ الْبَصَرِ وَكَفُّ الْأَذَى وَرَدُّ السَّلَامِ وَالْأَمْرُ بِالْمَعْرُوفِ وَالنَّهْيُ عَنِ الْمُنْكَرِ ( البخاري ومسلم )

അബൂസഈദ്(ﷺ) നിവേദനം. നബി(ﷺ) പറഞ്ഞു: "വഴിയോരങ്ങളിൽ നിങ്ങൾക്കിരിക്കൽ അനിവാര്യമാകുന്നെങ്കിൽ വഴിയുടെ അവകാശം നിങ്ങൾ നൽകുക". അവർ ചോദിച്ചു: "എന്താണ് പ്രവാചകരേ, വഴിയുടെ അവകാശങ്ങൾ?". അവിടുന്ന് പറഞ്ഞു: "ദൃഷ്ടി താഴ്ത്തലും ഉപദ്രവമുണ്ടാക്കാതിരിക്കലും, സലാം മടക്കലും, നന്മ കൽപിക്കലും തിന്മ വിരോധിക്കലുമാണ്" (ബുഖാരി, മുസ്ലിം).

പ്രബോധന ദൗത്യത്തിൽനിന്നും വിട്ടുനിന്നവരോട് അബൂബക്കർ (ﷺ) പറയുകയുണ്ടായി:

عَنْ أَبِي بَكْرٍ الصِّدِّيقِ أَنَّهُ قَالَ أَيُّهَا النَّاسُ إِنَّكُمْ تَقْرَءُونَ هَذِهِ الْآيَةَ ( يَا أَيُّهَا الَّذِينَ آمَنُوا عَلَيْكُمْ أَنْفُسَكُمْ لَا يَضُرُّكُمْ مَنْ ضَلَّ إِذَا اهْتَدَيْتُمْ ) وَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ النَّاسَ إِذَا رَأَوْا الظَّالِمَ فَلَمْ يَأْخُذُوا عَلَى يَدَيْهِ أَوْشَكَ أَنْ يَعُمَّهُمُ اللَّهُ بِعِقَابٍ مِنْهُ . قَالَ أَبُو عِيسَى وَفِي الْبَاب عَنْ عَائِشَةَ وَأُمِّ سَلَمَةَ وَالنُّعْمَانِ بْنِ بَشِيرٍ وَعَبْدِ اللَّهِ بْنِ عُمَرَ وَحُذَيْفَةَ وَهَذَا حَدِيثٌ صَحِيحٌ .( أحمد , أبو داود, الترمذي , النسائى )

"ജനങ്ങളേ, നിങ്ങൾ ഈ വചനം -"സത്യ വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിച്ചുകൊള്ളുക.നിങ്ങൾ സന്മാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല" (5:105) ഓതുകയാണോ? (അസ്ഥാനത്താണ് നിങ്ങളതിനെ

ഉപയോഗിച്ചത്.)റസൂലുല്ലാഹി(ﷺ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "ജനങ്ങൾ ഒരു അക്രമിയെ കണ്ടിട്ട് അവൻെറ കൈക്ക് പിടിക്കുന്നില്ലായെങ്കിൽ അല്ലാഹു അവരെ ഒന്നടങ്കം ശിക്ഷിക്കുന്നതാണ്" (അഹ്മദ്, അബൂദാവൂദ്, തിർമിദി, നസാഈ).

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَا مِنْ نَبِيٍّ بَعَثَهُ اللَّهُ فِي أُمَّةٍ قَبْلِي إِلَّا كَانَ لَهُ مِنْ أُمَّتِهِ حَوَارِيُّونَ وَأَصْحَابٌ يَأْخُذُونَ بِسُنَّتِهِ وَيَقْتَدُونَ بِأَمْرِهِ ثُمَّ إِنَّهَا تَخْلُفُ مِنْ بَعْدِهِمْ خُلُوفٌ يَقُولُونَ مَا لَا يَفْعَلُونَ وَيَفْعَلُونَ مَا لَا يُؤْمَرُونَ فَمَنْ جَاهَدَهُمْ بِيَدِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِلِسَانِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِقَلْبِهِ فَهُوَ مُؤْمِنٌ وَلَيْسَ وَرَاءَ ذَلِكَ مِنَ الْإِيمَانِ حَبَّةُ خَرْدَلٍ ( مسلم )

ഇബ്നു മസ്ഊദ് (ﷺ) പറയുന്നു: നബി (ﷺ) പറഞ്ഞു: എനിക്ക് മുമ്പുള്ള ഏത് സമു ഹത്തിലേക്കും അല്ലാഹു ദൂതനെ അയക്കുമ്പോൾ അദ്ദേഹത്തിൻെറ ചര്യകൾ പിൻപറ്റി കൽപനകൾ അനുസരിക്കുന്ന സന്തത സഹചാരികളുണ്ടാകും. പിന്നീടവർക്കുശേഷം കുറെ പിൻഗാമികൾ വരും. അവർ പ്രവർത്തിക്കാത്തത് പറയും. കൽപിക്കപ്പെടാത്തത് പ്രവർത്തിക്കും. ആരെങ്കിലും തൻെറ കൈകൊണ്ടവരോട് പോരാടിയാൽ അവൻ വിശ്വാസിയാണ്. ഹൃദയം കൊണ്ടവരോട് പോരാടിയാൽ അവനും വിശ്വാസിയാണ്. നാവു കൊണ്ട് അവരോട് പോരാടുന്നവനും വിശ്വാസിയാണ്. അതിന് അപ്പുറം ഒരു കടുക് മണിയോളമെങ്കിലും ഈമാൻ അവശേഷിക്കുന്നില്ല" (മുസ്ലിം).

സ്വഹാബത്ത് നബിയോട് ബൈഅത്ത് ചെയ്തകൂട്ടത്തിൽ "നന്മ കൽപിക്കാമെ ന്നും തിന്മ വിരോധിക്കാമെന്നും" (അഹ്മദ്) പറഞ്ഞ വാചകം പ്രത്യേകം ശ്രദ്ധേയമാണ്. പണ്ഡിതന്മാർക്ക് പ്രത്യേകം എന്നവിടെ കാണുന്നില്ല.

عَنْ حُذَيْفَةَ بْنِ الْيَمَانِ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُنَّ بِالْمَعْرُوفِ وَلَتَنْهَوُنَّ عَنِ الْمُنْكَرِ أَوْ لَيُوشِكَنَّ اللَّهُ أَنْ يَبْعَثَ عَلَيْكُمْ عِقَابًا مِنْهُ ثُمَّ تَدْعُونَهُ فَلَا يُسْتَجَابُ لَكُمْ قَالَ أَبو عِيسَى هَذَا حَدِيثٌ حَسَنٌ ( الترمذي )

ഹുദൈഫ (ﷺ) നിവേദനം: നബി (ﷺ) പറഞ്ഞു: "എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! തീർച്ചയായും നിങ്ങൾ നന്മകൽപിക്കുക യും തിന്മവിരോധിക്കുകയും ചെയ്യുക തന്നെ വേണം. അല്ലെങ്കിൽ അല്ലാഹു നിങ്ങളുടെമേൽ ശിക്ഷയിറക്കും. പിന്നീട് നിങ്ങൾ പ്രാർഥിച്ചാൽ ഉത്തരം ലഭിക്കുകയില്ല" (തിർമിദി).

തുടരും...